## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 13 10.06.2013-ൽ മറുപടിക്ക്

### സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. ചിറ്റയം ഗോപകുമാർ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സെക്രട്ടേറിയറ്റിനെ സേവനാവകാശ നിയമപരിധിയിൽ നിന്നൊഴിവാക്കിയതിന്റെ വിശദാംശം അറിയിക്കുമോ ; | (എ) & (ബി) | സെക്രട്ടേറിയറ്റിനെ സേവനാവകാശനിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. |
| (ബി) സെക്രട്ടേറിയറ്റിൽ സമയബന്ധിതമായി സേവനാവകാശ നിയമം ബാധകമാക്കുവാൻ തയ്യാറാകുമോ ; | | |
| (സി) സെക്രട്ടേറിയറ്റിൽ നിലനിൽക്കുന്നതായ ഫയൽ നടപടിക്രമങ്ങളുടെ കാലവിളംബത്തിന് ഒരു പരിധി വരെ സേവനാവകാശ നിയമം നടപ്പിലാക്കുന്നതോടെ പരിഹാരമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | സി ഡി & (ഇ) | കേരള സംസ്ഥാന സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതോടെ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് നൽകുന്നതായ സേവനങ്ങൾ യഥാസമയം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) ഇല്ലായെങ്കിൽ അത്തരമൊരു വിലയിരുത്തൽ നടത്തി സെക്രട്ടേറിയറ്റിൽ ഈ നിയമം നടപ്പിലാക്കി മാതൃക കാട്ടാൻ തയ്യാറാകുമോ ; | | |
| (ഇ) നിലവിൽ സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ ബാധകമാക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് നിരീക്ഷിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.